LIBRARY ARCHIVES Kerala Legislative Assembly

മുനിസിപ്പാലിറ്റികളിൽ വികസന പദ്ധതികൾ

81 (3365) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റികളിൽ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്, വിശദമാക്കുമോ ;

(ബി) കേന്ദ്ര സർക്കാരിന്റെ ഏത് പദ്ധതിയിൽപ്പെടുത്തിയാണ് പ്രസ്തുത വികസന പദ്ധതികൾ നടപ്പാക്കുന്നത് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) എത്ര കോടി രൂപയുടെ വികസന പദ്ധതികളാണ് നടപ്പാക്കുന്നത് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടപ്പാക്കുന്നതിനായി സംസ്ഥാനത്തുള്ള നോഡൽ ഏജൻസി ഏതാണ് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) നഗരങ്ങളിലെ പശ്ചാത്തല സൗകര്യങ്ങൾ ഉൾപ്പെടെയുള്ള അടിസ്ഥാന വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിനും കേന്ദ്ര സർക്കാരിൽനിന്നും മറ്റ് ഏജൻസികളിൽനിന്നും ഇവയുടെ നടത്തിപ്പിനാവശ്യമായ ഫണ്ട് നേടിയെടുക്കുന്നതിനും ആവശ്യമായ വിശദവും യോഗ്യവുമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനും നഗരസഭകൾക്ക് സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനും 'അർബൻ 2020' എന്ന പേരിൽ ഒരു പദ്ധതിക്ക് സംസ്ഥാന നഗരകാര്യ വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) ഇത് ഒരു സംസ്ഥാന പദ്ധതിയാണ്.

(സി) 3000 കോടി രൂപയുടെ വികസന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.

(ഡി) കെ.എസ്.യു.ഡി.പി.-യെ ആണ് നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്.